**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1460** **07-02-2023 - ൽ മറുപടിയ്ക്ക്**

## അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷിതത്വ ബോർഡ് അംശദായവും ആനുകൂല്യങ്ങളും പുതുക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷിതത്വ ബോർഡിൽ കേരള സ്റ്റേറ്റ് ബാർബർ ബ്യൂട്ടീഷൻ അസോസിയേഷൻ പ്രതിനിധിയെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷിതത്വ ബോർഡിൽ കെ.എസ്.ബി.എ.-യെ പ്രതിനിധീകരിച്ചു കൊണ്ട് ശ്രീ.റ്റി.ജി.നാരായണൻ, ശ്രീ.ആര്യനാട് മോഹനൻ എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | അസംഘടിത മേഖലയിലെ അംശദായം സർക്കാർ കാലാനുസൃതമായി പുതുക്കുമ്പോഴും ആനുകൂല്യങ്ങൾ പഴയതു തന്നെയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അംശദായം കൂട്ടുന്നതിനോടൊപ്പം ആനുകൂല്യങ്ങളും വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | അംശദായം 10 രൂപയിൽ നിന്നും 100 രൂപയായി വർദ്ധിപ്പിച്ചതിന് ആനുപാതികമായി ആനുകൂല്യങ്ങളിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്. (പട്ടിക താഴെ) |
| (സി) | അംശദായം അടയ്ക്കുന്നതിന് 5 വർഷം വരെ കുടിശിക ആയിട്ടുള്ളവർക്കു ഗഡുക്കളായി പണമടച്ച | (സി) | നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

| ആനുകൂല്യത്തിന്റെ പേര് | അംശദായം 10/- രൂപ നിരക്കിൽ ഒടുക്കിയപ്പോൾ അനുവദിച്ചിരുന്ന ആനുകൂല്യങ്ങളുടെ വിശദാംശം | അംശദായം 100/- രൂപയായി വർദ്ധിച്ചപ്പോൾ പദ്ധതി അംഗങ്ങൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങളുടെ നിരക്ക് |
|---|---|---|
| റിട്ടയർമെന്റ് | അംശദായ ഇനത്തിൽ അടച്ച തുകയുടെ 50% | അംശദായ ഇനത്തിൽ അടച്ച തുകയും ആയതിന്റെ 5% സാധാരണ പലിശയും ഉൾപ്പെടെ |
| വിവാഹാനുകൂല്യം | 5,000/- | 10,000/- |
| പ്രസവാനുകൂല്യം | 15,000/- | മാറ്റമില്ല |
| വിദ്യാഭ്യാസാനുകൂല്യം | 750/- മുതൽ 2,500/- വരെ | 1,000/- മുതൽ 3,000/- രൂപ വരെ |
| ചികിത്സാധനസഹായം | 3,000/- | 10,000/- |
| മരണാനന്തരാനുകൂല്യം | 10,000+500 =10,500/- | 10,000+1,000 =11,000/- |

| | | | |
|---|---|---|---|
| | അംഗത്വം പുതുക്കുന്നതിന് സൗകര്യമൊരുക്കുന്നതിനു നടപടി സ്വീകരിക്കുമോ; | | |
| (ഡി) | അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷിതത്വ ബോർഡ് നൽകുന്ന മരണാനന്തര ധനസഹായം 10000 രൂപയിൽ നിന്നും 2 ലക്ഷം രൂപയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇക്കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ